"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - എറണാകുളം ജില്ല, പറവൂർ താലൂക്ക്, കോട്ടുവള്ളി വില്ലേജ്, സർവ്വെ നമ്പർ 329/1A-ൽപ്പെട്ടതും എറണാകുളം ജില്ലാ ലേബർ കം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് മത്സ്യകൃഷിക്ക് നൽകിയിരുന്ന 73 ഏക്കർ ഭൂമിയുടെ പാട്ടം പാട്ട വ്യവസ്ഥ ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ) നം.104/2026/RD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. 10/02/1989 ലെ സ.ഉ(കൈ) നം. 141/89/റവ.
2. 23/10/2007 ലെ സ.ഉ(കൈ) നം 378/07/റവ.
3. 14/01/2022 ലെ സ.ഉ(കൈ) നം. 13/2022/റവ.
4. 05/07/2022 - ന് എറണാകുളം ജില്ലാ ലേബർ കം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വൈസ് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ.
5. എറണാകുളം ജില്ലാ കളക്ടറുടെ 26/05/2025 ലെ DCEKM/10627/2022-L2 നമ്പർ കത്ത്.
6. ലാൻഡ് റവന്യൂ കമ്മീഷണറുടെ 05/01/2026 ലെ LR/11846/2022-LR(J7) നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ല, പറവൂർ താലൂക്ക്, കോട്ടുവള്ളി വില്ലേജിൽ സർവ്വെ നമ്പർ 329/1A-ൽപ്പെട്ട 73 ഏക്കർ സ്ഥലം ചെമ്മീൻകൃഷി നടത്തുന്നതിലേക്ക് കോട്ടുവള്ളി ഫിഷ് പോണ്ട് സ്കീം എന്ന പദ്ധതിയ്ക്ക് എറണാകുളം ജില്ലാ ലേബർ കം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് പരാമർശം (1) ഉത്തരവ് പ്രകാരം കമ്പോളവിലയായ സെന്റ് ഒന്നിന് Rs.35/- രൂപയുടെ 3% നിരക്കിൽ 7665/-രൂപ പാട്ടത്തുക നിശ്ചയിച്ച 31.7.1997 വരെ പാട്ടത്തിന് നൽകിയിരുന്നു. തുടർന്ന് 1997 മുതൽ മുൻകാലപ്രാബല്യത്തോടെ 15 വർഷത്തേയ്ക്ക് കൂടി പരാമർശം (2) പ്രകാരം പാട്ടക്കാലാവധി നീട്ടി നൽകി ഉത്തരവായിരുന്നു.

2) പ്രസ്തുത ഭൂമിയുടെ പാട്ട വാടക സെന്റ് ഒന്നിന് 100/- രൂപ എന്ന നിരക്കിൽ നിശ്ചയിച്ച് 2012 മുതലുള്ള പാട്ടം പുതുക്കി നൽകുന്നതിന് അനുമതി നൽകികൊണ്ടും 2012 മുതൽ ഉത്തരവിന്റെ തീയതി വരെയുള്ള പാട്ടവാടക കുടിശ്ശിക എറണാകുളം ജില്ലാ ലേബർ കം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് അടച്ചതിനുശേഷം മാത്രം തുടർന്ന് 10 വർഷത്തേയ്ക്ക് കൂടി ഇതേ നിരക്കിൽ പാട്ടം പുതുക്കി നൽകുന്നതിന് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

3) പ്രസ്തുത ഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിനായി ബാങ്കിന്റെ വൈസ് പ്രസിഡന്റ് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

4) 2012 മുതൽ 14/01/2022 വരെയുള്ള കാലഘട്ടത്തിൽ പാട്ടത്തുകയായ 62,05,000/- രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റായ 6,20,500/- രൂപയും 18 % GST 12,28,590/- രൂപയും ചേർത്ത് ആകെ 80,54,090/-രൂപ അടവ് വരുത്തേണ്ടതാണെന്ന് ബാങ്കിനെ അറിയിച്ചിട്ടും 2022-23 വർഷത്തെ 7,30,000/- രൂപയും അഡ്വാൻസ് ലീസ് 7,30,000/-രൂപ മാത്രമാണ് ബാങ്ക് അടച്ചിട്ടുള്ളതെന്നും, ബാക്കി തുക അടയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടും ബാങ്ക് അടയ്ക്കാൻ തയ്യാറായിട്ടില്ലാത്തതായും, തുടർന്ന് 65,94,090/-രൂപ ഈടാക്കുന്നതിന് ബാങ്കിനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതായും, ഇതിനെതിരായി പ്രസ്തുത ബാങ്ക് ബഹു. ഹൈക്കോടതിയിൽ WP(C) 36833/2020 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതായും പാട്ട വ്യവസ്ഥകൾ പാലിക്കാതെയും, പാട്ടത്തുക അടയ്ക്കാതിരിക്കുകയും, സർക്കാരിനെ നിരന്തരം വ്യവഹാരങ്ങളിൽപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ബാങ്കിന്റെ പാട്ടം റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, അപേക്ഷാ ഭൂമി പുഴ/കായൽ പുറമ്പോക്കിൽപ്പെട്ടതായതിനാൽ പതിവു നടപടികൾ സ്വീകരിക്കാവുന്നതല്ലെന്നും ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ല, പറവൂർ താലൂക്ക്, കോട്ടുവള്ളി വില്ലേജ്, സർവ്വെ നമ്പർ 329/1A-ൽ പ്പെട്ടതും എറണാകുളം ജില്ലാ ലേബർ കം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് മത്സ്യകൃഷിക്ക് പാട്ടത്തിന് നൽകിയിട്ടുള്ളതുമായ 73 ഏക്കർ സ്ഥലം പാട്ട വാടക സെന്റ് ഒന്നിന് 100/- രൂപ എന്ന നിരക്കിൽ നിശ്ചയിച്ച് 2012 മുതലുള്ള പാട്ടം പുതുക്കി നൽകുന്നതിന് അനുമതി നൽകികൊണ്ടും 2012 മുതൽ ഉത്തരവിന്റെ തീയതി വരെയുള്ള പാട്ടവാടക കുടിശ്ശിക എറണാകുളം ജില്ലാ ലേബർ കം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് അടച്ചതിനുശേഷം മാത്രം തുടർന്ന് 10 വർഷത്തേയ്ക്ക് കൂടി ഇതേ നിരക്കിൽ പാട്ടം പുതുക്കി നൽകുന്നതിന് പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവിലെ 8-മത്തെ നിബന്ധനയുടെ അടിസ്ഥാനത്തിൽ പാട്ടം റദ്ദാക്കി ഭൂമി തിരികെ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനു എസ് നായർ ഐ എ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, എറണാകുളം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. വൈസ് പ്രസിഡണ്ട്, എറണാകുളം ജില്ലാ ലേബർ കം ഡവലപ്പ്മെന്റ് കോ - ബാങ്ക്,

   കോട്ടുവള്ളി, കേതാരം.പി.ഒ, എറണാകുളം.
5. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ (എ3/159/2022/റവ)

ഉത്തരവിൻ പ്രകാരം

Signed by
Prathapachandran S
Date: 05-03-2026 15:47:19

സെക്ഷൻ ഓഫീസർ